പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 53

11.12.2012 ൽ
മറുപടിയ്ക്ക്

സ്മാർട്ട് സിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ ;<br>ശ്രീ. എളമരം കരീം ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. ആർ. രാജേഷ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതി പ്രവർത്തനം അനിശ്ചിതത്വത്തിലായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) യും (ബി) യും<br><br>സ്മാർട്ട്സിറ്റിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണമുള്ള പവലിയന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1.3.2011 ൽ സ്മാർട്ട്സിറ്റിയുടെ 131.41 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യം ടീകോമിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇവിടെ സെസ് പദവി നേരത്തേ ലഭിച്ചിട്ടുണ്ടായിരുന്ന എത്ര ഏക്കർ സ്ഥലമുണ്ട് ; സെസ് പദവി ലഭിച്ചത് എന്നായിരുന്നു ; ഇവിടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ താമസം നേരിടുന്നത് എന്തുകൊണ്ടാണ് ; | |
| സി) ഇപ്പോഴത്തെ സ്ഥിതിയിൽ നിർമ്മാണം ആരംഭിക്കാൻ തടസ്സമായി ടീകോം ഉയർത്തുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ് ; ഇതിനകം എന്തു തുക സർക്കാരും ടീകോം കമ്പനിയും പദ്ധതികൾക്കായി ചെലവഴിക്കുകയുണ്ടായി ; ആദ്യഘട്ടത്തിൽ എത്ര ലക്ഷം സ്ക്വയർ മീറ്റർ കെട്ടിടം നിർമ്മിക്കാനാണുദ്ദേശിച്ചിരുന്നത് ; | സി) സ്മാർട്ട്സിറ്റിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ടീകോം തടസ്സമൊന്നും ഉന്നയിച്ചിട്ടില്ല. സ്മാർട്ട്സിറ്റിയുടെ ഓഹരി മൂലധനം 195 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഓഹരി മൂലധനമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്.<br>3.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള സ്മാർട്ട്സിറ്റിയുടെ ഒന്നാമത്തെ കെട്ടിടം 24 മാസങ്ങൾക്കുള്ളിൽ പൂർത്തിയാകുമെന്ന് കരുതുന്നു. |

ആയതിന് ടെൻഡർ വിളിച്ചിട്ടുണ്ടോ ; നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ എത്ര വർഷം ഇനിയും വേണ്ടിവരും ;

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്ര സ്ക്വയർ മീറ്റർ കെട്ടിടം നിർമ്മിച്ച് എത്ര കമ്പനികളിലൂടെ എത്ര ലക്ഷം പേർക്ക് ഐ.ടി. രംഗത്ത് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ഡി) | സ്മാർട്ട്സിറ്റിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ച് കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഇക്കാര്യത്തിൽ കൃത്യമായ വിവരം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ